ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ കാലാനുസൃതമായി നേരിയ വർദ്ധനവ് മാത്രമേ ഉണ്ടായിട്ടുള്ളൂ.

(ബി) വിലക്കയറ്റം തടയുന്നതിനും വിലകുറച്ചുകൊണ്ടുവരുന്നതിനുമായി സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുകയുണ്ടായി;

(1) റേഷൻകടകൾ വഴി കിലോയ്ക്ക് 4 രൂപ നിരക്കിൽ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവർക്ക് പ്രതിമാസം 10 കിലോ അരിയും ഒരു രൂപാ കുറച്ച് എല്ലാ കാർഡുടമകൾക്കും ആഴ്ചതോറും 4 കിലോഗ്രാം അരിയും വിതരണം ചെയ്തു വരുന്നു.

(2) തെരഞ്ഞെടുക്കപ്പെട്ട രണ്ടായിരത്തിൽപ്പരം റേഷൻകടകൾ വഴി പലവ്യഞ്ജനം തുടങ്ങിയ നിത്യോപയോഗ സാധനങ്ങൾ 25% മുതൽ 50% വരെ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്തു വരുന്നു. കൂടാതെ മാവേലി സ്റ്റോറുകൾ വഴിയും നിത്യോപയോഗ സാധനങ്ങൾ കമ്പോള വിലയേക്കാൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നുണ്ട്.

(3) സാധാരണ റേഷനു പുറമേ ഉത്സവകാലങ്ങളിൽ സ്പെഷ്യൽ അരി, പഞ്ചസാര എന്നിവ റേഷൻ വിലയ്ക്ക് വിതരണം ചെയ്തുവരുന്നു.

(4) ഓണം, ക്രിസ്തുമസ്, ബക്രീദ് എന്നീ ഉത്സവകാലങ്ങളിൽ ഉണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുവാൻ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ മെട്രോഫെയറുകൾ മിനിഫെയറുകൾ, ചന്തകൾ എന്നിവ നടത്തുകയും ടി കാലങ്ങളിൽ സഹകരണസംഘങ്ങൾ നടത്തിവരുന്ന സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി നൽകുകയും ചെയ്യുന്നു.

(5) വിലനിലവാരം സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതിനുമായി മുഖ്യമന്ത്രി ചെയർമാനും, ഭക്ഷ്യ വിനോദസഞ്ചാര നിയമവകുപ്പു മന്ത്രിയും ധനമന്ത്രിയും അംഗങ്ങളും ആയുള്ള ഒരു ഉന്നതതല സമിതി രൂപീകരിച്ചും വിലനിലവാരം യഥാസമയം അവലോകനം ചെയ്തുവരുന്നു. ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ, ജില്ലാസപ്ലൈ ആഫീസർമാർ, താലൂക്ക് സപ്ലൈ ഓഫീസർമാർ എന്നിവർ മിന്നൽ പരിശോധന നടത്തി കരിഞ്ചന്ത, പൂഴ്ത്തി വയ്പ് എന്നിവ ഉന്മൂലനം ചെയ്യുന്നു.

(സി) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് നിയന്ത്രിക്കാനും, അവസരത്തിനൊപ്പിച്ച് വിലകൾ കുറച്ചുകൊണ്ടുവരാനും സാധിച്ചിട്ടുണ്ട്.

(ഡി) 1999 ഡിസംബർ മാസാവസാനത്തെ വിലയും 2000 ഫെബ്രുവരി രണ്ടാമത്തെ ആഴ്ചയിലെ വിലയും കാണിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റ് അറിവിലേയ്ക്കായി അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.†

നടക്കാവ് മാവേലി സ്റ്റോർ

110(851)ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

† ലൈബ്രറിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) കോഴിക്കോട് നടക്കാവിൽ നിലവിലുണ്ടായിരുന്ന മാവേലി സ്റ്റോർ വീണ്ടും തുറന്ന് പ്രവർത്തനമാരംഭിക്കണമെന്നുള്ള അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത മാവേലി സ്റ്റോർ പ്രവർത്തനം വീണ്ടും ആരംഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മാവേലിസ്റ്റോർ പ്രവർത്തിപ്പിക്കുവാൻ അനുയോജ്യമായ കെട്ടിടം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അത് ലഭിക്കുന്ന മുറയ്ക്ക് നടക്കാവിലെ മാവേലി സ്റ്റോർ വീണ്ടും തുറന്നു പ്രവർത്തിക്കുന്നതാണ്.

കോഴിക്കോട് നഗരത്തിൽ പുതിയ മാവേലിസ്റ്റോറുകൾ

111(852)ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ പുതിയ മാവേലിസ്റ്റോറുകൾ ആരംഭിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള എത്ര അപേക്ഷകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പുതുതായി എത്ര മാവേലിസ്റ്റോറുകൾ ഈ നഗരത്തിലേയ്ക്ക് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 3 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) മാവേലി സ്റ്റോറുകൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ ഘട്ടംഘട്ടമായി അവ ആരംഭിക്കുവാനാണ് സർക്കാർ ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്. നഗരങ്ങളിൽ മാവേലിസ്റ്റോറുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. ഉടൻ തന്നെ പരിഗണിക്കുന്നതാണ്.

വ്യാജമണ്ണെണ്ണ പെർമിറ്റുകൾ തടയാൻ നടപടി

112(853) ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യബന്ധന വകുപ്പും സിവിൽ സപ്ലൈസ് വകുപ്പും സംയുക്തമായി നടത്തിയ മത്സ്യബന്ധനോപകരണങ്ങളുടെ പരിശോധനയിൽ വ്യാജപെർമിറ്റുകൾ കണ്ടുപിടിച്ചിട്ടുണ്ടോ;

(ബി) അപ്രകാരം കണ്ടുപിടിച്ച വ്യാജ പെർമിറ്റുകൾക്ക് വീണ്ടും മണ്ണെണ്ണ കൊടുക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) അഞ്ചുവർഷത്തിനുമേൽ പഴക്കമുള്ള ഔട്ട്ഡോർ എഞ്ചിനുകൾക്കുള്ള മണ്ണെണ്ണ പെർമിറ്റുകൾ റദ്ദ് ചെയ്യുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly